ഫോറം നമ്പർ 7
റൂൾ 18 (1) കാണുക

**വിജ്ഞാപനം**

റഫ്. നമ്പർ 1833/17

സ്ഥലം; തലശ്ശേരി

തീയ്യതി; 21.03.19

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി.ഒ (പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ) (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ എ) കലക്ടറേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കൊടുവള്ളി റെയിൽവ്വേ മേൽപ്പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ എ) (ജെ) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല; കണ്ണൂർ    താലൂക്ക്;

വില്ലേജ് അംശം & ദേശം; തലശ്ശേരി, മണ്ണയാട്

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെ.ആർ. ച.മീ) | ഏതു പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1. | 21/6എ) | തോട്ടം | 0.0045 | കൊടുവള്ളി റെയിൽവ്വേ മേൽപ്പാല നിർമ്മാണ ത്തിന് വേണ്ടി | കുടിയൊഴിപ്പിക്കൽ ആവശ്യമായി വരുന്നില്ല | രാജു |
| 2. | 32 | പുറമ്പോക്ക് | 0.0003 | | | ലോക്കൽ ഫണ്ട് നിരത്ത് |
| 3. | 33/3 ബി | പുറമ്പോക്ക് | 0.0092 | | | പി.എച്ച്.ഇ.ഡി പുറമ്പോക്ക് |
| 4. | 15/15എ) | തോട്ടം | 0.0011 | | | പ്രേമലത |
| 5. | 12/2ബി | നഞ്ച | 0.0600 | | | അബ്ദുള്ള രതീഷ് സുരേഷ് |
| | | ആകെ | 0.0751ഹെക്ടർ | | | |

## സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

ദേശീയ പാതയിലെ പ്രധാനപ്പെട്ട ലെവൽ ക്രോസ്സുകളിൽ മേൽപ്പാലം നിർമ്മിക്കുന്നതിനാണ് റെയിൽവ്വേ മന്ത്രാലയം പരിഗണന നൽകാറുള്ളത്. എന്നാൽ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പോക്കറ്റ് റോഡിലുള്ള ലെവൽ ക്രോസ്സിൽ മേൽപ്പാലം നിർമ്മിക്കാൻ അനുമതി നൽകുന്നത് അപൂർവ്വമാണ്. എന്നാൽ തലശ്ശേരി റെയിൽവ്വേ സ്റ്റേഷനിൽ നിന്നും മൂന്ന് കിലോമീറ്റർ വടക്ക് ഭാഗത്തുള്ള കൊടുവള്ളി ലെവൽ ക്രോസ്സിൽ മേൽ പ്പാലം നിർമ്മിക്കാൻ അനുമതി നൽകിയത് ഇവിടുത്തെ പ്രത്യേക സാഹചര്യം പരിഗണിച്ചാണ്. ഒരു ദിവസം 60 തീവണ്ടികൾ ഇതു വഴി കടന്ന് പോകുന്നു. ഒരു വണ്ടിക്ക് ചുരുങ്ങിയത് 3 മിനിറ്റ് എടുത്താൽ ഒരു ദിവസം 180 മിനുറ്റ്( മൂന്ന് മണിക്കൂർ) ഈ ലെവൽക്രോസ്സ് അടച്ചിടേണ്ടതായി വരും. തലശ്ശേരിയിൽ നിന്നും പിണറായി, മമ്പറം, അഞ്ചരക്കണ്ടി എന്നീ പ്രദേശങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാനുള്ള വഴിയാണിത്. തലശ്ശേരി ഭാഗത്തുള്ളവരുടെ പ്രധാന ആശ്രയവും ഇതു തന്നെ. 2011 ലെ കാനേഷ്മാരിയിൽ തലശ്ശേരിയിലെ ജനസംഖ്യ 92558 (53.47) ആണ്. ജനസാന്ദ്രതയിൽ കേരളത്തിലെ എട്ടാമത്തെ നഗരമാണ് തലശ്ശേരി.

പകൽ മണിക്കൂറിൽ ഏകദേശം 1200 വാഹനങ്ങൾ ഇതുവഴി കടന്ന് പോകുന്നു. മമ്പറം ഭാഗത്തുനിന്നും വരുന്ന വലിയ വാഹനങ്ങൾക്ക് ലെവൽ ക്രോസ്സ് ഒരു പേടി സ്വപ്നമാണ്. ഗതാഗത കുരുക്ക് നിരന്തരമാണ്. നാടിന്റെ വികസനത്തിന് ഏറെ ഗതിവേഗം ഉണ്ടാക്കാനും ഈ പാലത്തിന് സാധിക്കും. അതിനാൽ ഈ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം എത്രയും പെട്ടെന്ന് ഏറ്റെടുക്കപ്പെടേണ്ടതും മേൽപ്പാല നിർമ്മാണം പൂർത്തിയാക്കേണ്ടതുമാണ്.

21.3.19

സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറൽ,

തലശ്ശേരി